(ബി) പ്രസ്തുത പദ്ധതി പ്രകാരം വിവിധ വിഭാഗങ്ങളിലെ ഓരോ ഗുണഭോക്താവിനും എത്ര തുക വീതമാണ് ധനസഹായമായി നിശ്ചയിക്കപ്പെട്ടത് എന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത സാമ്പത്തിക വർഷം ഇതിനായി ആകെ എത്ര തുക ആവശ്യമായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതിൽ ആകെ എത്ര തുക അനുവദിക്കുകയുണ്ടായി എന്ന് അറിയിക്കുമോ ;

(ഇ) പ്രസ്തുത സാമ്പത്തിക വർഷം പദ്ധതിപ്രകാരം പൂർത്തിയാക്കേണ്ട എത്ര വീടുകൾ പൂർത്തീകരിക്കുകയുണ്ടായി ?

ഉത്തരം

(എ) അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) 2012-13-ൽ കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്ന ഐ.എ.വൈ.യുടെ യൂണിറ്റ് കോസ്റ്റ് എല്ലാ വിഭാഗങ്ങൾക്കും 48,500 രൂപയാണ്. എന്നാൽ, സംസ്ഥാനത്ത് ഇത് പട്ടികജാതി, ജനറൽ വിഭാഗങ്ങൾക്ക് രണ്ട് ലക്ഷം രൂപയായും പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 2.5 ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) 2012-13-ലെ ഐ.എ.വൈ. നടപ്പിലാക്കുവാൻ കേന്ദ്ര-സംസ്ഥാന വിഹിതമായി ആകെ 26828.41 ലക്ഷം രൂപ ആവശ്യമായിരുന്നു.

(ഡി) 2012-13-ൽ 20646.47 ലക്ഷം രൂപ കേന്ദ്ര-സംസ്ഥാന വിഹിതമായി അനുവദിക്കുകയുണ്ടായി.

(ഇ) പ്രസ്തുത സാമ്പത്തിക വർഷം 40,144 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

പതാക നൗക പരിപാടി

48 (2681) ശ്രീ. ഇ. പി. ജയരാജൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. കെ. ദാസൻ :
ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) പദ്ധതി നിർവ്വഹണ കാര്യക്ഷമതയും വേഗതയും വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന പതാകനൗക (ഫ്ലാഗ് ഷിപ്പ്) പരിപാടിയിൽ ഉൾപ്പെടുത്തി 2013-14-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രവർത്തനങ്ങൾ നടപ്പാക്കുകയുണ്ടായോ ;

(ബി) പ്രസ്തുത പ്രവർത്തനങ്ങൾ നടപ്പാക്കിയതിന്റെ ഫലമായി 2013-14, 2014-15 എന്നീ വാർഷിക പദ്ധതികളിൽ എന്ത് ഗുണകരമായ മാറ്റങ്ങളാണ് ഉണ്ടായതെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത രണ്ട് വാർഷിക പദ്ധതികളിലും പദ്ധതിച്ചെലവിൽ മൂലധന നിക്ഷേപ ശതമാനം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ ; എങ്കിൽ ഉപോൽബലകമായ കണക്കുകൾ നൽകാമോ ;

(ഡി) പ്രസ്തുത പദ്ധതികളിൽ മൂലധന നിക്ഷേപ ശതമാം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ എന്തുകൊണ്ടാണ് 2014-15-ലെ പദ്ധതിച്ചെലവ് കുറയാൻ ഇടയായതെന്ന് അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) പദ്ധതി നിർവ്വഹണ കാര്യക്ഷമതയും വേഗതയും വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന പതാക നൗക (ഫ്ലാഗ് ഷിപ്പ്) പരിപാടിയിൽ ഉൾപ്പെടുത്തി 2013-14-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രവർത്തനങ്ങൾ നടപ്പാക്കുകയുണ്ടായി.

(ബി) 2013-14, 2014-15 എന്നീ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തിയ ഫ്ലാഗ് ഷിപ്പ് പദ്ധതികളുടെ പ്രവർത്തനം ചുവടെ ചേർക്കുന്നു :

സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ പദ്ധതിയിലൂടെ ഹോർട്ടികൾച്ചർ മേഖലയുടെ സമഗ്ര വികസനം പ്രാദേശികാടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്നു. ആർ.ജി.ജി.വൈ. പദ്ധതിയുടെ പ്രവർത്തനങ്ങൾ ഇടുക്കി ജില്ലയിൽ പൂർത്തിയായി. മറ്റ് ജില്ലകളിലെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ആർ.എ.പി.ഡി.ആർ.പി. പദ്ധതിയിലൂടെ എ.റ്റി.&സി. നഷ്ടത്തെ 15 ശതമാനമായി കുറയ്ക്കുവാൻ സാധിച്ചു. ഈ പദ്ധതിയുടെ കീഴിൽ നൂതന സാങ്കേതികവിദ്യയുടെ അടിസ്ഥാനത്തിൽ ഡാറ്റാ സെന്ററും ഉപഭോക്തൃ സംതൃപ്തി മെച്ചപ്പെടുത്തുന്നതിനായി ഒരു കേന്ദ്രീകൃത കോൾ സെന്ററും ആരംഭിച്ചു. മറ്റുപദ്ധതികളുടെ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(സി) മൂലധന നിക്ഷേപ ശതമാനം വർദ്ധിച്ചിട്ടുണ്ട്. സംസ്ഥാന ബഡ്ജറ്റ്

LIBRARY ARCHIVES Kerala Legislative Assembly

പ്രകാരം അടിസ്ഥാന മൂലധന നിക്ഷേപ ശതമാനം ചുവടെ ചേർക്കുന്നു :

2011-12	- 30 %
2012-13	- 33 %
2013-14	- 30 %
2014-15	- 31 %

(ഡി) 2014-15-ലെ പദ്ധതിച്ചെലവ് കുറഞ്ഞിട്ടില്ല. 31-03-2015 വരെയുള്ള താൽക്കാലിക കണക്കുപ്രകാരം ചെലവഴിച്ച തുകയും (14252.27 കോടി) ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള 1530 കോടി രൂപയും ഉൾപ്പെടെ പദ്ധതി അടങ്കലിന്റെ 79 ശതമാനം (15782.27 കോടി രൂപ) ചെലവഴിച്ചിട്ടുണ്ട്. പദ്ധതി ചെലവിൽ കാര്യമായ കുറവ് സംഭവിച്ചതായി കാണുന്നില്ല.

ആലപ്പുഴ ജില്ലയിലെ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് നിയമനം

49 (2682) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ നിലവിൽവന്ന സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ/ അസിസ്റ്റന്റ് ഗ്രേഡ്-2 റാങ്ക് ലിസ്റ്റിൽനിന്നും എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട് വ്യക്തമാക്കുമോ ;

(ബി) പുതുതായി എത്ര ഒഴിവുകളാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത് ; പ്രസ്തുത തസ്തികയിലെ കേഡർ സ്ട്രെങ്ത് എത്രയാണ് ; വ്യക്തമാക്കുമോ ;

(സി) ജില്ലയിൽ പ്രസ്തുത തസ്തിക പുതുതായി സൃഷ്ടിക്കുകയോ വെട്ടിച്ചുരുക്കുകയോ ചെയ്തിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ഡി) നിലവിൽ ജില്ലയിൽ ഏതെല്ലാം ഓഫീസുകളിലാണ് ഈ തസ്തിക നിലവിലുള്ളത് ; വ്യക്തമാക്കുമോ ;

(ഇ) 2015-16 സാമ്പത്തിക വർഷത്തിൽ പ്രൊമോഷൻ ഉൾപ്പെടെ എത്ര ഒഴിവുകളാണ് പ്രതീക്ഷിക്കുന്നത് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly